**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1021** **30.09.2016 ൽ മറുപടിയ്ക്ക്**

**"വിലക്കുറവിൽ പച്ചക്കറി വിതരണം ചെയ്യുന്നതിന് നടപടി"**

| **ചോദ്യം**<br>ശ്രീ. സി. ദിവാകരൻ | **ഉത്തരം**<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഓണക്കാലത്ത് വിലക്കുറവിൽ പച്ചക്കറി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇതിനായി സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും ഓണക്കാലത്ത് കാർഷികോത്പന്നങ്ങളുടെ വിലക്കയറ്റം തടയുന്നതിലേക്ക് 'ഓണസമൃദ്ധി പദ്ധതി' പ്രകാരം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്തുടനീളം 1350 പച്ചക്കറി വിപണികൾ സംഘടിപ്പിച്ചിരുന്നു. ഇതിൽ 980 എണ്ണം കൃഷി വകുപ്പ് നേരിട്ടും 190 എണ്ണം വി.എഫ്.പി.സി.കെ യും 180 എണ്ണം ഹോർട്ടികോർപ്പുമാണ് സംഘടിപ്പിച്ചത്. അതാത് ജില്ലകളിലേക്കാവശ്യമായ പച്ചക്കറികൾ ജില്ലയ്ക്കകത്തു നിന്നുള്ള കർഷകരിൽ നിന്നും പത്തു ശതമാനത്തോളം കൂടിയ വില നൽകി പരമാവധി സംഭരിക്കുകയും, ഉപഭോക്താക്കൾക്ക് 30% സബ്സിഡിയോടെ വിൽപന നടത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് ലഭ്യമാകാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് മുഖേന ശേഖരിച്ച് വിതരണം ചെയ്തിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കർഷകരും ഉൾപ്പെട്ട കമ്മിറ്റിയാണ് സംഭരണ വിലയും വിൽപന വിലയും നിശ്ചയിച്ചത്. ഈ വിലകൾ അതാത് ദിവസം കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. സംസ്ഥാനത്തെ കർഷകരിൽ നിന്നും 3042 ടണ്ണോളം പച്ചക്കറികൾ സംഭരിച്ചതുൾപ്പെടെ 4800 ടൺ കാർഷികോത്പന്നങ്ങൾ വിപണനം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളും സന്നദ്ധ സംഘടനകളും കുടുംബശ്രീ പോലുള്ള സംവിധാനങ്ങളും കാർഷികോത്പന്ന വിപണികൾ സംഘടിപ്പിക്കുകയുണ്ടായി. സപ്ലൈകോ വിൽപനശാലകളോടനുബന്ധിച്ചും ഹോർട്ടികോർപ്പിന്റെ സ്റ്റാളുകൾ ഏർപ്പെടുത്തിയിരുന്നു. . |

**സെക്ഷൻ ഓഫീസർ**